ജില്ലാ തലത്തിൽ ഒന്നാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് 1 ലക്ഷം രൂപ വീതം ക്യാഷ് അവാർഡും സ്വരാജ് ട്രോഫിയും സർട്ടിഫിക്കറ്റുമാണ് നൽകുന്നത്. ഇതു കൂടാതെ അവാർഡ് കിട്ടിയ പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതി ധനസഹായവും നൽകാറുണ്ട്.

സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനാർഹമായ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന് 1998-99-ൽ 20 ലക്ഷം രൂപയും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന് 1997-98, 1998-99 എന്നീ വർഷങ്ങളിൽ യഥാക്രമം 25 ലക്ഷം, 10 ലക്ഷം എന്നീ തോതിലും പീലിക്കോട് ഗ്രാമ പഞ്ചായത്തിന് 1997-98-ൽ 25 ലക്ഷം രൂപയും 1998-99-ൽ 10 ലക്ഷം രൂപയും തിരുമാറാടി ഗ്രാമ പഞ്ചായത്തിന് 1998-99-ൽ 25 ലക്ഷം രൂപയും പ്രത്യേക പദ്ധതി ധനസഹായവും നൽകിയിട്ടുണ്ട്.

അവാർഡ് ലഭിച്ചിട്ടുള്ള പഞ്ചായത്തുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

1995-96, 1996-97 വർഷങ്ങളിൽ ജില്ലാ തലത്തിൽ മികച്ചതായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് 1998-99-ൽ പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. 1997-98-ൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതി ധനസഹായമായി 10 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്തുകൾക്ക് 1998-99-ൽ പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ടി വർഷം ജില്ലാ തലത്തിൽ രണ്ടാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി ധനസഹായവും സർട്ടിഫിക്കറ്റുകളും മാത്രമാണ് നൽകിയത്. ഇതു കൂടാതെ 1996-97-ൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായമായി 1997-98-ൽ നൽകിയിട്ടുണ്ട്. 1998-99-ൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി ധനസഹായവും രണ്ടാം സ്ഥാനാർഹമായ പഞ്ചായത്തുകൾക്ക് പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്. ഏറ്റവും നല്ല മുനിസിപ്പാലിറ്റിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിൻപ്രകാരം തെരഞ്ഞെടുക്കുന്ന നഗരസഭയുടെ പേരു ശുപാർശ ചെയ്യുന്നതിനുമായി സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ഇനിയും പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടി

17(*107) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ വർഷം ഇനിയും പുതുതായി എത്ര സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) ഈ കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) എസ്.എൻ.ഡി.പി., എൻ.എസ്.എസ്., എം.ഇ.എസ്., വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾ എന്നിവ നടത്തുന്ന മാനേജുമെന്റുകളുടെ എത്ര സ്കൂളുകളിൽ ഈ കോഴ്സ് അനുവദിച്ചു ;

(ഡി) വ്യക്തിഗത മാനേജുമെന്റുകൾ നടത്തുന്ന എത്ര സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിച്ചു ;

(ഇ) വ്യക്തിഗത മാനേജുമെന്റുകളിൽ ഈ കോഴ്സ് ലഭിച്ചവരുടെ സമുദായം തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ആവശ്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

(ബി) പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 30-3-2000-ലെ ജി.ഒ.(എം.എസ്)107/2000/പൊ.വി.നമ്പർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സാമുദായിക അടിസ്ഥാനത്തിൽ വിവരം ശേഖരിച്ചിട്ടില്ല.

എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിൽ മാറ്റം

18(*108) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) 2000-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയശതമാനം എത്രയായിരുന്നു ;

(ഡി) വിജയശതമാനം ഉയർത്തുന്നതിന് സർക്കാർ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly